©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 ജൂലൈ 16<br>16th July 2019<br>1194 മിഥുനം 31<br>31st Mithunam 1194<br>1941 ആഷാഢം 25<br>25th Ashadha 1941 | നമ്പർ<br>No. | 29 |

# PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

### റീ-ടെണ്ടർ/ലേല പരസ്യം

നമ്പർ ബി-1058/2015. 2019 ജൂൺ 21.

കോഴിക്കോട് ടൗണിൽ പുതിയറ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന് മുൻഭാഗത്ത് നിൽക്കുന്ന തണൽമരം വളരെയധികം അപകടാവസ്ഥയിൽ ആകയാൽ ഇത് മുറിച്ച് മാറ്റുന്നതിന് കോഴിക്കോട് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയും അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെയും അനുമതി ലഭിച്ചിട്ടുണ്ട്. ഓഫീസിനും ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഭീഷണിയായതിനാൽ ഈ മരം നിയമപരമായ നടപടികളിലൂടെ ടെണ്ടർ/പൊതു ലേലംവഴി വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

ഇനം—മഴമരം

നെഞ്ചുവണ്ണം—490

തടിയുടെ വ്യാപ്തം—14.243

വിറകിന്റെ അളവ്—5.062

ലേല തീയതിയും സമയവും—20-7-2019, 3 മണി.

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും—20-7-2019, 3.30 മണി.

പ്രസ്തുത മരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 2019 ജൂൺ 11-ാം തീയതി ചൊവ്വാഴ്ച പുതിയറ കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽവച്ച് ടെണ്ടർ/ലേലം മുഖേന വിൽക്കുന്നതാകുന്നു.

### നിബന്ധനകൾ

1. ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യ ഇനത്തിൽ ₹ 6,000 പണമായി ലേല നടപടികൾക്ക് മുമ്പായി ഒടുക്കേണ്ടതാണ്.
2. ടെണ്ടറിൽ പങ്കെടുക്കുന്നവർ ഈ ഓഫീസിൽ നിന്നും രേഖാമൂലം ആവശ്യപ്പെട്ടാൽ ടെണ്ടർ രേഖകൾ ലഭിക്കുന്നതായിരിക്കും. നിരതദ്രവ്യം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ

ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. തുക രേഖപ്പെടുത്തിയ ടെണ്ടർ മുദ്രവച്ച കവറുകളിൽ ഉച്ചയ്ക്ക് 1 മണിക്ക് മുമ്പായി കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്.

3. പരസ്യലേലത്തിൽ ഏറ്റവും കൂടുതൽ തുക വിളിച്ചയാളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്.

4. പൊതുലേലത്തിന് ശേഷം ടെണ്ടറുകൾ തുറക്കുന്നതും ലേലത്തുകയേക്കാൾ കൂടിയ നിരക്ക് ടെണ്ടറിൽ ലഭിക്കുകയാണെങ്കിൽ ടെണ്ടർ താൽക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും.

5. ലേലം കൊണ്ട വ്യക്തി/ടെണ്ടർ ഉറപ്പിച്ച വ്യക്തി അപ്പോൾത്തന്നെ ലേലസംഖ്യയുടെ മൂന്നിൽ ഒരു ഭാഗം തുക അടവാക്കേണ്ടതാണ്.

6. ബാക്കി തുക ലേലം സ്ഥിരപ്പെടുത്തി 3 ദിവസത്തിനകം അടവാക്കേണ്ടതാണ്.

7. ലേലം കൊണ്ട ആൾ/ടെണ്ടർ ലഭിച്ചയാൾ ഒഴികെയുള്ളവർക്ക് അടച്ച നിരതദ്രവ്യം അന്ന് തന്നെ തിരികെ നൽകുന്നതാണ്.

8. ലേലം കൊണ്ട തുകയുടെ 5% വനവികസന നികുതിയിനത്തിൽ പ്രത്യേകം അടയ്ക്കേണ്ടതാണ്.

9. കൂടാതെ തടിയുടെ ലേല തുകയും വനവികസന നികുതിയും ചേർന്ന ആകെത്തുകയുടെ 18% ജി. എസ്. ടി. ഇനത്തിൽ ഈടാക്കുന്നതാണ്.

10. വിറകിന് ജി. എസ്. ടി. ഈടാക്കുന്നതല്ല.

11. ലേലം കൊണ്ട ആൾ/ടെണ്ടർ ലഭിച്ചയാൾ മുഴുവൻ തുകയും അടച്ച് 15 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലവസ്തു നീക്കം ചെയ്യേണ്ടതാണ്.

12. മരം മുറിച്ചുമാറ്റുമ്പോൾ ചുറ്റുമുള്ള കെട്ടിടങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ ഇലക്ട്രിക് ലൈനുകൾ, മറ്റ് നിർമ്മിതികൾ എന്നിവയ്ക്ക് നാശമുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും ആവശ്യമായ അനുമതികൾ ലേലം കൊണ്ട/ടെണ്ടർ ലഭിച്ച വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

13. മരം മുറിച്ച് നീക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ സുരക്ഷാ ക്രമീകരണങ്ങളും പാലിക്കപ്പെടുന്നുണ്ടെന്ന് ലേലം കൊണ്ട/ടെണ്ടർ ലഭിച്ച വ്യക്തി ഉറപ്പു വരുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾ ലംഘിക്കപ്പെട്ടാൽ നിരതദ്രവ്യവും അടച്ച തുകയും സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ഇത് കാരണം സർക്കാരിനുണ്ടാകുന്ന നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. സർക്കാർ ദർഘാസ്/ലേലത്തിന് ബാധകമായ എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും. ദർഘാസ്/ലേലം യാതൊരു കാരണവും കൂടാതെ മാറ്റിവയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിട്ടുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ദർഘാസ്/ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം ആയത് നടത്തുന്നതാണ്. ഇത് സംബന്ധമായ കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽനിന്നും ഓഫീസ് പ്രവർത്തന സമയത്ത് അറിയാവുന്നതാണ്.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം, (ഒപ്പ്)
പുതിയറ പി.ഒ., കൃഷി അസിസ്റ്റന്റ്
കോഴിക്കോട്-673 004. എക്സിക്യൂട്ടീവ് എഞ്ചിനീയർ.

---

ടെണ്ടർ പരസ്യം

നമ്പർ സി ഡി. 169/2019. 2019 ജൂൺ 22.

കാസറഗോഡ് ജില്ലയിലെ ആദൂർ, ഗാളിമുഖ കാഷ്യു പ്രോജനി ഓർച്ചാർഡുകളിൽ നിന്നും 2018-19 വർഷത്തിൽ സംഭരിച്ച താഴെ വിവരിച്ചിരിക്കുന്ന പ്രകാരമുള്ള കശുവണ്ടി വിൽപ്പന നടത്തുന്നതിന് മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | ഫാമിന്റെ പേര് | അളവ് (കി. ഗ്രാം) | |
|---|---|---|---|
| | | വേർതിരിക്കാത്തത് (I ക്വാളിറ്റി) | വേർതിരിച്ചത് (II ക്വാളിറ്റി) |
| 1 | കാഷ്യു പ്രോജനി ഓർച്ചാഡ് ആദൂർ | 2288 | 305 |
| 2 | കാഷ്യു പ്രോജനി ഓർച്ചാഡ് ഗാളിമുഖ | 1228 | 573 |
| | ആകെ | 3516 | 878 |

നിരതദ്രവ്യം—₹ 7,880 (എസ്. ബി. ഐ. കാസറഗോഡിൽ മാറാവുന്ന ഡി. ഡി.)

ദർഘാസ് ഫോറത്തിന്റെ വില—₹ 800 + ജി. എസ്. റ്റി. (12%)= ₹ 896.

ദർഘാസ് ഫോറം ലഭിക്കുന്ന അവസാന തീയതിയും സമയവും—1-8-2019, 3 മണി.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—1-8-2019, 12 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—2-8-2019, 3 മണി.

നിബന്ധനകൾ

1. ടെണ്ടർ തുറക്കുന്നതിന് മുമ്പ് പരസ്യലേലം ഉണ്ടായിരിക്കും. ടെണ്ടർ സമർപ്പിച്ചവർക്ക് മാത്രമേ പരസ്യലേലത്തിൽ പങ്കെടുക്കുവാൻ യോഗ്യതയുള്ളൂ.

2. ദർഘാസ് ഫോറത്തോടൊപ്പം ₹ 200-ന്റെ മുദ്രപ്പത്രത്തിൽ പ്രാഥമിക സമ്മതപത്രം സമർപ്പിക്കേണ്ടതാണ്.

3. ഉയർന്ന വില രേഖപ്പെടുത്തുന്നയാളുടെ ടെണ്ടർ താൽക്കാലികമായി അംഗീകരിച്ചാലുടൻ മൂന്നിലൊന്ന് തുക അടയ്ക്കേണ്ടതാണ്.

4. ദർഘാസ് അംഗീകരിച്ചു കഴിഞ്ഞാൽ കരാറുകാരൻ അന്തിമമായി ₹ 200-ന്റെ മുദ്രപ്പത്രത്തിൽ മറ്റൊരു സമ്മതപത്രം സമർപ്പിക്കേണ്ടതാണ്.

5. ദർഘാസ് അംഗീകരിച്ച് 7 ദിവസത്തിനകം ബാക്കി തുകയും നികുതിയും അടച്ച് സ്വന്തം ചെലവിൽ കശുവണ്ടി സ്റ്റോക്കിൽ നിന്നും എടുക്കേണ്ടതാണ്.

6. ഏതെങ്കിലും കാരണത്താൽ ദർഘാസ് ദിവസം അവധി ദിനമായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് നടത്തുന്നതാണ്.

7. ദർഘാസ് കാരണമറിയിക്കാതെ റദ്ദാക്കുവാനോ മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പിട്ടയാളിൽ നിക്ഷിപ്തമാണ്.

8. സർക്കാർ ടെണ്ടറുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമാണ്.

കൂടുതൽ വിവരങ്ങൾ കാഷ്യൂ ഡെവലപ്മെന്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

കശുമാവ് വികസന
ഓഫീസറുടെ കാര്യാലയം,
കുണ്ടാർ പി. ഒ., (ഒപ്പ്)
കാസറഗോഡ്. കശുമാവ് വികസന ഓഫീസർ.